# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ് : IV** **സമയം : 2 മണിക്കൂർ**

**തീയതി : 06-04-2024** **മാർക്ക് : 70**

---

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക 10**

| |
|---|
| പാപം, പ്രാർത്ഥന, സമർപ്പണം, മുൻപിൽ വയ്ക്കപ്പെട്ടവൻ, മൂറോൻ കൂദാശ |

1. 'പുരോഹിതൻ' എന്ന വാക്കിന്റെ അർത്ഥം?
2. കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്?
3. ദൈവവുമായുള്ള സ്നേഹസംഭാഷണമാണ്.
4. സ്നേഹംതന്നെയായ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നത്.
5. 'കുർബാന' എന്ന സുറിയാനി വാക്കിന്റെ അർത്ഥം?

**II എ - ബിയോട് ചേർക്കുക 10**

6. മാമ്മോദീസ - പെസഹാത്തിരുന്നാൾ
7. ഈശോ - എസ്തപ്പാനോസ്
8. ദൈവികജീവൻ - മുങ്ങുക
9. വി. കുർബാന - മുന്തിരിച്ചെടി
10. ആദ്യരക്തസാക്ഷി - കൂദാശ

**III പൂരിപ്പിക്കുക 10**

11. കൂദാശകൾ ഈശോ സ്ഥാപിച്ചവയാണെങ്കിൽ കൂദാശാനുകരണങ്ങൾ ......................... അധികാരത്താൽ സ്ഥാപിതമായവയാണ്.
12. പാപം വഴി ................ൽ നിന്ന് അകന്നുപോകുന്ന നമ്മൾ അനുരഞ്ജന കൂദാശയിലൂടെ അവിടുന്നുമായി രമ്യപ്പെടുന്നു.
13. തിരുപ്പട്ട കൂദാശയിലെ പ്രധാനഭാഗം ...................... ശുശ്രൂഷ ആണ്.

14. തിരുസഭയിലൂടെയാണ് ഈശോ ലോകത്തിന് ..................... നൽകുന്നത്.

15. മാമ്മോദീസ സ്വീകരിച്ചതുവഴി നമുക്ക് ദൈവികജീവനും .............. സ്ഥാനവും ലഭിച്ചു.

**IV ശരിയോ, തെറ്റോ എന്നെഴുതുക** **5**

16. ദൈവപിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകാശനമാണ് ഈശോയുടെ കാൽവരിയിലെ ബലി.

17. "പെസഹാ" എന്ന വാക്കിന്റെ അർത്ഥം "വിശുദ്ധീകരിക്കുന്ന കർമ്മം" എന്നതാണ്.

18. പാപം മോചിക്കുന്നതിനുള്ള അധികാരം ഈശോ അപ്പസ്തോല ന്മാർക്ക് നൽകി.

19. കൂദാശകളിൽ ആദ്യത്തെ നാലെണ്ണം പ്രവേശകകൂദാശകൾ എന്ന് അറിയപ്പെടുന്നു.

20. ഈശോയുടെ രക്ഷാകരദൗത്യം തുടരുവാൻ അവിടുന്ന് സഭ യ്ക്ക് നൽകിയ പ്രത്യേകമായ അനുഗ്രഹമാണ് തിരുപ്പട്ടം.

**V പേരെഴുതുക** **5**

21. സീറോമലബാർസഭയുടെ വി. കുർബാനയ്ക്ക് എത്ര ഭാഗങ്ങ ളാണ് ഉള്ളത്?

22. "ആമ്മേൻ" എന്ന ഹീബ്രുപദത്തിന്റെ അർത്ഥമെന്ത്?

23. ഈശോയ്ക്ക് ഏറ്റവും പ്രിയങ്കരമായ പ്രാർത്ഥന ഏതായിരുന്നു?

24. സുവിശേഷഗ്രന്ഥം വി. കുർബാനയിൽ ആരുടെ പ്രതിരൂപമാണ്?

25. വി. കുർബാനയിലെ ഏറ്റവും പ്രധാന ഭാഗം ഏത്?

**VI ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

26. "ചോദിക്കുന്ന ഏവനും .................., അന്വേഷിക്കുന്നവൻ കണ്ടെ ത്തും. മുട്ടുന്നവന് .................. ചെയ്യുന്നു" (ലൂക്കാ 11:10).

27. "അവരുടെ ............. കണ്ട് യേശു തളർവാതരോഗിയോട് പറഞ്ഞു: മകനേ, ................... ക്ഷമിക്കപ്പെട്ടിരിക്കുന്നു" (മർക്കോസ് 2:5).

**VII ഉത്തരം എഴുതുക**

28. വി. ചാവറയച്ചന്റെ ജീവിത സന്ദേശം എഴുതുക? 2

29. കൂദാശാനുകരണങ്ങൾ എന്നാൽ എന്ത്? **2**

30. പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ ഏതെല്ലാം? **2**

31. വി. അൽഫോൻസാമ്മയുടെ ജീവിത സന്ദേശവും പുണ്യവചനവും എഴുതുക. **3**

32. തിരുപ്പട്ട കൂദാശ എന്നാൽ എന്ത്? **3**

33. മാതൃകാകുടുംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ്? നിങ്ങളുടെ കുടുംബത്തെ ഒരു മാതൃകാ കുടുംബമാക്കാൻ നിങ്ങൾക്ക് ചെയ്യാൻ സാധിക്കുന്ന നാല് കാര്യങ്ങൾ എഴുതുക. **4**

34. അനുരഞ്ജനകൂദാശ യോഗ്യതയോടെ സ്വീകരിക്കാൻവേണ്ട കാര്യങ്ങൾ ഏതെല്ലാം? **5**

35. വി. ഡൊമിനിക് സാവിയോ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിൽ എടുത്ത പ്രതിജ്ഞകൾ ഏതെല്ലാം? വിശുദ്ധനെ അനുകരിച്ച് ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിനായി നിങ്ങൾ എങ്ങനെയെല്ലാം ഒരുങ്ങും? **5**

# ാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ്  : V**      **സമയം : 2 മണിക്കൂർ**
**തീയതി : 06-04-2024**      **മാർക്ക് : 70**

---

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

പ്രവാചകൻ, ഇസ്രായേൽ, അഭിഷിക്തൻ, സ്വർഗം, മോശ

1. ദൈവവുമായി മൽപിടിത്തം നടത്തുന്നവൻ.
2. വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ടവൻ.
3. നമ്മുടെ ജീവിത ലക്ഷ്യം.
4. ദൈവത്തിനുവേണ്ടി സംസാരിക്കുന്ന വ്യക്തി.
5. ''മിശിഹാ'' എന്ന വാക്കിന്റെ അർത്ഥം.

**II പൂരിപ്പിക്കുക** **5**

6. ''പന്തക്കുസ്താ'' എന്ന വാക്കിന്റെ അർത്ഥം .................... ദിവസം എന്നാണ്.
7. കാനാൻദേശത്തെ ലക്ഷ്യമാക്കി മരുഭൂമിയിലൂടെ യാത്ര ചെയ്ത തീർത്ഥാടക സമൂഹമാണ് ....................
8. ദൈവത്തിലുള്ള ശരിയായ .................... നിമിത്തമാണ് അബ്രാഹം വിശ്വാസികളുടെ പിതാവ് എന്ന പദവിയിലേയ്ക്ക് ഉയർന്നത്.
9. സ്നേഹമുള്ള ദൈവപിതാവ് തന്റെ മക്കൾക്ക് ശ്രദ്ധാപൂർവ്വം നൽകിയ സമ്മാനമാണ് .......................
10. പുതിയനിയമ ജനമായ സഭയെ നയിക്കുന്നത് പന്ത്രണ്ട് .................ഉം അവരുടെ പിൻഗാമികളുമാണ്.

**III എ - ബിയോട് ചേർക്കുക** **5**

| | | |
|---|---|---|
| 11. സോളമൻ | - | ബ്രദർ ജോയ്ഹൂൾ |
| 12. ദാവീദ് | - | പ്രകാശമുള്ളവൾ |
| 13. വി. ഫ്രാൻസീസ് അസ്സീസി | - | ജ്ഞാനിയായ രാജാവ് |
| 14. വി. ക്ലാര | - | ശക്തനായ രാജാവ് |
| 15. വി. ജോൺ ബർക്കുമൻസ് | - | സൂര്യകീർത്തനം |

**IV ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. ബലിക്കുള്ള ഏറ്റവും നല്ല ഒരുക്കമെന്ത്?
17. "മർമ്മീസ" (സങ്കീർത്തനമാല) എന്ന പദത്തിന്റെ അർത്ഥമെന്ത്?
18. വി. കുർബാനയുടെ വചനശുശ്രൂഷാഭാഗത്ത് എന്തിന്റെ അനുസ്മരണമാണ് നടത്തപ്പെടുന്നത്?
19. സീറോമലബാർസഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന വിശുദ്ധഗ്രന്ഥ വായനാപുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്?
20. "കാറോസൂസ" എന്ന പദത്തിന്റെ അർത്ഥമെന്ത്?

**V ശരിയോ തെറ്റോ എന്നെഴുതുക** **5**

21. തീർത്ഥാടകരായ വിശ്വാസികളെ സ്വർഗ്ഗരാജ്യത്തിൽ എത്തിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം.
22. പിതാവായ ദൈവം മക്കളായ മനുഷ്യർക്ക് നൽകുന്ന സ്നേഹസന്ദേശങ്ങളാണ് ബൈബിളിൽ മുഴുവനുമുള്ളത്.
23. ''പെസഹാ'' എന്ന വാക്കിന്റെ അർത്ഥം ''ദൈവസ്നേഹത്തിനായി സമർപ്പിക്കുക'' എന്നാണ്.
24. ഇസ്രായേൽ ജനം ദൈവത്തോടു ചെയ്ത തെറ്റുകളിൽ ഏറ്റവും ഗൗരവമുള്ളതായിരുന്നു വിഗ്രഹാരാധന.
25. ഇസ്രായേൽ ജനത്തിന്റെ ജീവിതസാഹചര്യങ്ങളിൽ രൂപംകൊണ്ട പ്രാർത്ഥനാഗീതങ്ങളാണ് സുവിശേഷങ്ങൾ.

**VI ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

26. ''തിന്മയെ വെറുക്കുവിൻ .................. നീതി സ്ഥാപിക്കുവിൻ'' (ആമോസ് 5:15).
27. ''കർത്താവിന് ഒരു പുതിയ കീർത്തനം ............. അത്ഭുത കൃത്യങ്ങൾ ചെയ്തിരിക്കുന്നു.'' (സങ്കീർത്തനങ്ങൾ 98:1).

**VII ഉത്തരം എഴുതുക**

28. ഏശയ്യായുടെ പ്രവചനങ്ങളിൽ പ്രധാനപ്പെട്ടത് ഏത്? **2**
29. എന്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ജോഷ്വാ ഗിൽഗാലിൽ സ്മാരകം നിർമ്മിച്ചത്? **2**

30. എന്തിനുവേണ്ടിയായിരുന്നു ഇസ്രായേലിലെ പുരോഹിതന്മാർ നിയുക്തരായിരുന്നത്? **2**

31. ഉയിർപ്പുതിരുനാളിനെ തിരുനാളുകളുടെ തിരുനാൾ എന്നു വിളിക്കാൻ കാരണമെന്ത്? **3**

32. തന്റെ ഉടമ്പടിയിലൂടെ ദൈവം അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ എന്തെല്ലാം? **3**

33. വി. ഫ്രാൻസീസ് അസ്സീസിയുടെ പുണ്യവചനം എഴുതുക? വിശുദ്ധന്റെ തിരുനാൾ ദിനം എന്ന്? **3**

34. എസെക്കിയേൽ പ്രവാചകൻ നൽകിയ പ്രത്യാശയുടെ സന്ദേശങ്ങൾ ഏവ? **4**

35. ഉമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? **4**

36. തന്റെ അടുക്കലേയ്ക്ക് വന്ന ഈശോയെ കാണിച്ചുകൊണ്ട് സ്നാപക യോഹന്നാൻ പറഞ്ഞതെന്ത്? രക്ഷകനായ ഈശോയെ ലോകത്തിന് കാണിച്ചുകൊടുത്ത സ്നാപക യോഹന്നാനെപോലെ നിങ്ങൾ എപ്രകാരം നിങ്ങളുടെ കൂട്ടുകാർക്ക് ഈശോയെ കാണിച്ചുകൊടുക്കും? **4**

37. വി. ജോൺ ബർക്കുമൻസിന്റെ ജീവിതസന്ദേശം എഴുതുക. സമയം കിട്ടുമ്പോഴൊക്കെ വി. ജോൺ ബർക്കുമൻസ് അൾത്താരയുടെ അടുക്കൽ ചെന്ന് പ്രാർത്ഥിച്ചിരുന്നു. അൾത്താര ബാലൻമാരുടെ മധ്യസ്ഥനായ വിശുദ്ധനെ നിങ്ങൾ എപ്രകാരം നിങ്ങളുടെ ജീവിതത്തിൽ അനുകരിക്കും? **4**

38. പരി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

39. ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുന്നതിനുള്ള കാരണമെന്ത്? ദിവ്യകാരുണ്യവർഷത്തിൽ നിങ്ങൾക്ക് എപ്രകാരം വി. കുർബാനയിൽ കൂടുതൽ സജീവമായി പങ്കെടുക്കുവാനും ദിവ്യകാരുണ്യ അനുഭവത്തിൽ വളരുവാനും സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

| | |
|---|---|
| ക്ലാസ്സ് : VI | സമയം : 2 മണിക്കൂർ |
| തീയതി : 06-04-2024 | മാർക്ക് : 70 |

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

ബലിയർപ്പണം, കാനാ, വിശ്വാസം, ദനഹാതിരുനാൾ, വെളിപാട്

1. ഈശോയുടെ മാമ്മോദീസയെ അനുസ്മരിപ്പിക്കുന്ന തിരുനാൾ.
2. പുതിയ നിയമത്തിലെ അവസാനത്തെ ഗ്രന്ഥം.
3. ഈശോയുടെ ആദ്യ അത്ഭുതം നടന്ന സ്ഥലം.
4. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം.
5. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരം.

**II എ-ബിയോട് ചേർക്കുക** **5**

| | | |
|---|---|---|
| 6. | സൂബാറ | - വേനൽക്കാലം |
| 7. | ദുഃഖവെള്ളി | - പരിശുദ്ധാത്മാവിന്റെ സുവിശേഷം |
| 8. | റബ്ബോനി | - അറിയിപ്പ് |
| 9. | അപ്പസ്തോലപ്രവർത്തനം | - ഗുരു |
| 10. | കൈത്താ | - കുരിശുമരണം |

**III പൂരിപ്പിക്കുക** **5**

11. പുതിയ നിയമത്തിലെ ആദ്യത്തെ നാല് പുസ്തകങ്ങൾ ............. എന്ന് അറിയപ്പെടുന്നു.
12. നോമ്പും ഉപവാസവും ................ യും വഴി ആത്മബലം നേടിയതിനാലാണ് ഈശോയ്ക്ക് പ്രലോഭകനായ പിശാചിനെ തോല്പ്പിക്കാൻ സാധിച്ചത്.
13. നഷ്ടപ്പെടുത്തിയ സൗഭാഗ്യങ്ങളെക്കുറിച്ചുള്ള ഓർമ്മകൾ ധൂർത്തപുത്രനെ ....................... ലേക്ക് നയിച്ചു.

14. ദിവ്യബലിയിലെ പരസ്പരമുള്ള സമാധാനാശംസയും അനുരഞ്ജന ശുശ്രൂഷയും .............. നുള്ള ആഹ്വാനമാണ് നല്കുന്നത്.
15. ശ്ലീഹാക്കാലത്തെ ഒന്നാം വെള്ളി ................ എന്ന പേരിലാണ് അറിയപ്പെടുന്നത്.

**IV സംഭവങ്ങൾ ക്രമത്തിലെഴുതുക (നമ്പർ എഴുതുക) 5**

16. a) അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയുംമേൽ വന്നു നിൽക്കുന്നതായി അവർ കണ്ടു.
    b) ഉന്നതത്തിൽനിന്നുള്ള ശക്തി നേടാനായി പരിശുദ്ധ അമ്മയോടൊപ്പം പ്രാർത്ഥിച്ചു കാത്തിരിക്കുകയാണ് ശിഷ്യന്മാർ.
    c) ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.
    d) പെട്ടെന്ന് കൊടുങ്കാറ്റടിക്കുന്നതു പോലെയുള്ള ഒരു ശബ്ദം. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു.
    e) അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

**V ഒറ്റവാക്കിൽ ഉത്തരമെഴുതുക 5**

17. വി. കുർബാനയിൽ കർത്താവിന്റെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
18. വി. കുർബാനയിൽ പാപമോചനത്തിന്റെ പ്രതീകം എന്ത്?
19. വി. കുർബാനയിലെ ത്രൈശുദ്ധകീർത്തനം (പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ) എന്ന മാലാഖമാരുടെ കീർത്തനത്തിന്റെ അടിസ്ഥാനമെന്ത്?
20. കാർമ്മികൻ ബലിവസ്തുക്കൾ കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?
21. 'അനാഫൊറ" എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം എന്ത്?

**VI ബൈബിൾനിന്ന് ഉദ്ധരിക്കുക 4**

22. "നിങ്ങൾ ലോകമെങ്ങും .......................... പ്രസംഗിക്കുവിൻ" (മാർക്കോ 16:15).
23. "ഞാനാണ് പുനരുത്ഥാനവും ................ ജീവിക്കും" (യോഹ 11:25).

## VII ഉത്തരം എഴുതുക

24. ഈശോ വീണ്ടും വരുന്നത് എന്തിനുവേണ്ടിയാണ്? **2**
25. ഈശോയുടെ ഉത്ഥാനത്തിന് തെളിവായി നിലകൊള്ളുന്ന ഒരു പ്രധാന തെളിവ് എന്ത്? **2**
26. വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾദിനവും പുണ്യവചനവും എഴുതുക? **2**
27. വി. പത്താം പിയൂസിന്റെ ജീവിതസന്ദേശം എന്ത്? **2**
28. ഉത്ഥിതനായ ഈശോയെ മറ്റു ശിഷ്യന്മാർ കണ്ടു എന്നറിഞ്ഞപ്പോൾ തോമ്മാശ്ലീഹായുടെ പ്രതികരണം എന്തായിരുന്നു? **3**
29. ഈശോ ശത്രു സ്നേഹത്തിന്റെ മാതൃക നൽകിയതെങ്ങനെ? **3**
30. സീറോമലബാർ സഭയിൽ ഇപ്പോൾ നിലനിൽക്കുന്ന നോമ്പുകൾ ഏവ? **3**
31. പള്ളിക്കൂദാശാക്കാലം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്? **4**
32. ഈശോ ശിഷ്യന്മാർക്ക് നൽകിയ പ്രേഷിതദൗത്യം എന്ത്? ഈ ദൗത്യം നിങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം നിർവ്വഹിക്കുവാൻ സാധിക്കും? **5**
33. വി. മറിയം ത്രേസ്യ "കുടുംബങ്ങളുടെ പുണ്യവതി" എന്ന് അറിയപ്പെടുന്നത് എന്തുകൊണ്ട്? കുട്ടികളായ നിങ്ങൾക്ക് കുടുംബങ്ങളുടെ നവീകരണത്തിനായി എന്തൊക്കെ ചെയ്യാൻ സാധിക്കും? **5**
34. അനുരഞ്ജന കൂദാശയ്ക്ക് വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**
35. വി. കുർബാനയിൽ ഈശോ എപ്രകാരം സന്നിഹിതമായിരിക്കുന്നു? ദിവ്യകാരുണ്യവർഷത്തിൽ നിങ്ങൾക്ക് എപ്രകാരം വി. കുർബാനയിൽ കൂടുതൽ സജീവമായി പങ്കെടുക്കുവാനും ദിവ്യകാരുണ്യ അനുഭവത്തിൽ വളരുവാനും സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്തൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

TRUTH WILL SET YOU FREE

ക്ലാസ്സ് : VII | സമയം : 2 മണിക്കൂർ

തീയതി : 06-04-2024 | മാർക്ക് : 70

---

**I പദപ്പെട്ടിയിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക** **5**

| കുടുംബം, സഹോദരസ്നേഹം, ക്രിസ്തീയ മനഃസാക്ഷി, ആരാധന, വി. കുർബാന |
|---|

1. ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്ര.
2. സഭയുടെ പരമോന്നതമായ ആരാധന.
3. ക്രിസ്തീയ വിശ്വാസത്തിന് അനുസൃതമായ ധാർമ്മിക സ്വരം?
4. സമൂഹത്തിന്റെ അടിസ്ഥാന ഘടകം.
5. ദൈവത്തിനുമാത്രം അവകാശപ്പെട്ടത്.

**II പൂരിപ്പിക്കുക** **5**

6. ഒരാൾ തെറ്റുകാരനാണെന്ന് വ്യാജമായി പറയുകയും അതിന് സാക്ഷ്യം നില്ക്കുകയുമാണ് .................. നശിപ്പിക്കുന്നതിലൂടെ ചെയ്യുന്നത്.
7. ഈശോ പറഞ്ഞ ഉപമയിലെ പാറപോലെ, നമ്മുടെ ജീവിതത്തിന് ഉറപ്പും ബലവും നല്കുന്നത് ..................... ആണ്.
8. നല്ല കുടുംബങ്ങളാണ് ............... യും സമൂഹത്തിന്റെയും നട്ടെല്ല്.
9. പരസ്പരമുള്ള കടമകൾ പാലിക്കുകയെന്നത് .................... യുടെ അടിസ്ഥാനതത്വമാണ്.
10. നന്മ ചെയ്യാൻ പ്രചോദനം നല്കുന്നത് ..................... ആണ്.

## III ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 11. ദാനധർമ്മം | - | പിതാവേ |
| 12. സമ്പത്ത് | - | വി. അന്തോനീസ് |
| 13. കോപം | - | ദൈവികദാനം |
| 14. ദൈവപ്രമാണങ്ങൾ | - | ക്ഷമ |
| 15. ആബാ | - | സ്നേഹം |

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "മർമ്മീസ" (സങ്കീർത്തനമാല) എന്ന പദത്തിന്റെ അർത്ഥമെന്ത്?
17. വി. കുർബാനയിൽ വചനശുശ്രൂഷ നിർവഹിക്കപ്പെടുന്നത് എവിടെ വച്ചാണ്?
18. സീറോമലബാർസഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന വിശുദ്ധഗ്രന്ഥ വായനാപുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്?
19. കാസയും പീലാസയും സംവഹിച്ച് ബലിപീഠത്തിലേക്കുള്ള പ്രദക്ഷിണം എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?
20. "ഓശാന" എന്ന പദത്തിന്റെ അർത്ഥമെന്ത്?

## V ശരിയോ തെറ്റോ എന്ന് എഴുതുക 5

21. തിരുസഭയുടെ കൽപനകളിൽ വ്യത്യാസം വരുത്തുവാൻ വൈദികർക്ക് അധികാരമുണ്ട്.
22. ശ്ലീഹന്മാരും സഭയും തമ്മിലുള്ള ബന്ധമാണ് വിവാഹബന്ധത്തിന്റെ മാതൃകയായി പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.
23. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നതാണ് മനുഷ്യജീവന്റെ മഹത്വത്തിന് നിദാനം.
24. സത്യസന്ധതയ്ക്ക് വിരുദ്ധമായ ഒരു തിന്മയാണ് കോപ്പിയടി.
25. സമ്പത്ത് സമാഹരിക്കുന്നതിനുള്ള അതിരുകടന്ന ആഗ്രഹമാണ് ധൂർത്ത്.

## VI ബൈബിളിൽ നിന്ന് ഉദ്ധരിക്കുക 5

26. ബാഹ്യമായ അനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധിച്ച് ദൈവഹിതം നിറവേറ്റാതിരുന്ന ജനക്കൂട്ടത്തോട് ഈശോ പറഞ്ഞ തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 7:21).
27. ഈശോയുടെ നാമത്തിൽ ചോദിക്കുന്നതെന്തും ലഭിക്കുമെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 16:23).

**VII ഉത്തരമെഴുതുക**

28. വി. മരിയഗൊരേത്തിയുടെ പുണ്യവചനം എഴുതുക? **2**
29. വി. അലോഷ്യസ് ഗോൺസാഗായുടെ ജീവിതസന്ദേശം എന്ത്? വിശുദ്ധന്റെ തിരുനാൾദിനം എന്നാണ്? **2**
30. മുഖസ്തുതി പറയൽ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? **2**
31. തിരുസഭയുടെ കല്പനകൾ നമ്മെ എന്തിനു സഹായിക്കുന്നു? **3**
32. ഔദാര്യം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്? ഈ പുണ്യത്തിന്റെ അടിത്തറ എന്ത്? **3**
33. സ്നേഹവും കാരുണ്യവും അർഹിക്കുന്നവരെ അവഗണിക്കുവാൻ ക്രൈസ്തവന് കഴിയുകയില്ല. എന്തുകൊണ്ട്? **4**
34. ക്രിസ്തീയ മനഃസാക്ഷി രൂപീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തെല്ലാം? **4**
35. വി. ഫ്രാൻസീസ് സേവ്യറിന്റെ ജീവിതസന്ദേശം എഴുതുക? വിശുദ്ധന്റെ ജീവിതമാതൃക അനുസരിച്ച് യേശുവിന്റെ സുവിശേഷം പ്രഘോഷിക്കാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **5**
36. മനഃസ്താപപ്രകരണം എഴുതുക. **5**
37. പുതിയ ജനതയായ നാം കർത്താവിന്റെ ദിനമായ ഞായറാഴ്ച ആചരിക്കേണ്ടത് എങ്ങനെയെന്ന് വിവരിക്കുക? ദിവ്യകാരുണ്യ വർഷത്തിൽ വി. കുർബാനയിലെ എന്റെ പങ്കാളിത്തം എങ്ങനെ കൂടുതൽ സജീവമാക്കാം? **5**
38. ലൈംഗിക വിശുദ്ധി പാലിച്ച് ജീവിക്കാൻ നമ്മെ സഹായിക്കുന്ന കാര്യങ്ങൾ ഏവ? ലൈംഗിക വിശുദ്ധിക്കെതിരായ തിന്മകൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ നിങ്ങൾക്ക് എപ്രകാരം ലൈംഗിക വിശുദ്ധി പാലിച്ച് ജീവിക്കാൻ കഴിയും. **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ് : VIII** | **സമയം : 2 മണിക്കൂർ**

**തീയതി : 06-04-2024** | **മാർക്ക് : 70**

---

**I ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. സഭയിൽ ഈശോ സ്ഥാപിച്ച ജീവന്റെ നീർച്ചാലുകൾ?
   (നൊവേനകൾ, കൂദാശകൾ, അനുദിന പ്രാർത്ഥനകൾ)
2. ഈശോയുടെ വിശ്വസ്തമണവാട്ടിയായ തിരുസഭയുടെ പ്രതിരൂപം?
   (രക്തസാക്ഷികൾ, വിശുദ്ധർ, പരി. കന്യകാമറിയം)
3. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസപാരമ്പര്യം ആദി മുതൽ പുലർത്തുന്ന സഭ.
   (സീറോമലബാർ, സീറോമലങ്കര, ലത്തീൻ)
4. പരിശുദ്ധാത്മാവിനാൽ മിശിഹായിൽ പണിതുയർത്തപ്പെട്ട ദൈവത്തിന്റെ ആലയം?
   (ജറുസലേം, സഭ, റോം)
5. തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നല്കുന്ന പ്രത്യുത്തരം.
   (പ്രാർത്ഥന, നോമ്പ്, വിശ്വാസം)

**II പൂരിപ്പിക്കുക** **5**

6. ജീവിതത്തിലെ ദുഃഖങ്ങൾക്കും സഹനങ്ങൾക്കും പൂർണമായ അർത്ഥം പകരുന്നത് സ്വർഗത്തെക്കുറിച്ചുള്ള ...................... ആണ്.
7. ശ്ലീഹന്മാർ സുവിശേഷം പ്രഘോഷിച്ച സ്ഥലങ്ങളിൽ എല്ലാം ................ രൂപംകൊണ്ടു.
8. "കുടുംബം സ്നേഹസമൂഹം" എന്ന അപ്പസ്തോലിക ലേഖനം എഴുതിയത് ................. മാർപാപ്പയാണ്.
9. നാം ദൈവത്തിന്റെ ആലയമായിതീരുന്നത് ................. നമ്മിൽ വസിക്കുന്നതുകൊണ്ടാണ്.

10. മിശിഹായിലൂടെ യാഥാർത്ഥ്യമാകാനിരുന്ന .............. ന്റെ പ്രതിരൂപ മാണ് കാനാൻദേശം.

**III പേരെഴുതുക** **5**

11. ''അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസിന്റെ കണക്കിൽ കൂട്ടേണ്ടതില്ല.'' ആരുടേതാണ് ഈ വാക്കുകൾ?
12. ''നിങ്ങളുടെ വീടുകളെ സഭ ആക്കുക.'' ഇപ്രകാരം പറഞ്ഞ സഭാ പിതാവാര്?
13. മാർത്തോമാ നസ്രാണികളുടെ സഭാ ജീവിതശൈലിയെ വിളിച്ചിരുന്ന പേര്?
14. മെത്രാൻ സംഘത്തിന്റെ തലവനാര്?
15. ''ആചാരങ്ങളിലെ വൈവിധ്യം വിശ്വാസത്തിലെ യോജിപ്പ് ഉറ പ്പാക്കുന്നു.'' ഇപ്രകാരം പറഞ്ഞതാര്?

**IV ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. വി. കുർബാനയിൽ കർത്താവിന്റെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
17. വി. കുർബാനയിൽ വചനശുശ്രൂഷ നിർവഹിക്കപ്പെടുന്നത് എവിടെ വച്ചാണ്?
18. വി. കുർബാനയിലെ ത്രൈശുദ്ധകീർത്തനം (പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ) എന്ന മാലാഖമാരുടെ കീർത്തനത്തിന്റെ അടിസ്ഥാന മെന്ത്?
19. സീറോമലബാർസഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന വിശുദ്ധഗ്രന്ഥ വായനാപുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്?
20. കാസയും പീലാസയും സംവഹിച്ച് ബലിപീഠത്തിലേക്കുള്ള പ്രദ ക്ഷിണം എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?

**V ചേരുംപടി ചേർക്കുക** **5**

| | | |
|---|---|---|
| 21. ബേസ് പുർക്കാനാ | - | സെപ്റ്റംബർ 8 |
| 22. കഹാൽ | - | ആഗസ്റ്റ് 15 |
| 23. മാതാവിന്റെ ജനനത്തിരുനാൾ | - | ഡിസംബർ 8 |
| 24. സ്വർഗ്ഗാരോപണതിരുനാൾ | - | വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം |
| 25. അമലോത്ഭവതിരുനാൾ | - | രക്ഷയുടെ ഭവനം |

## VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. നമ്മൾ പരിശുദ്ധരായിരിക്കണം എന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനത്തിൽ നിന്ന് (1 പത്രോ 1:15).
27. മറ്റുള്ളവർക്ക് സഹായം ചെയ്തപ്പോൾ ഈശോയ്ക്ക് തന്നെയാണ് ചെയ്തതെന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 25:40).

## VII ഉത്തരം എഴുതുക

28. രക്ഷയും കൂദാശകളും തമ്മിലുള്ള ബന്ധമെന്ത്? **2**
29. യഥാർത്ഥ വിശ്വാസത്തിന്റെ ഉദാത്തമായ രണ്ടു മാതൃകകൾ ആരെല്ലാം? **2**
30. സഭ തന്റെ പ്രേഷിതദൗത്യം ഏതൊക്കെ വിധത്തിലാണ് നിർവ്വഹിക്കുന്നത്? **3**
31. ലൈംഗികാസക്തിയിൽ നിന്നും മോചനം പ്രാപിക്കാനുള്ള മാർഗ്ഗങ്ങളിൽ ആറെണ്ണം എഴുതുക? **3**
32. സാർവത്രിക സൂനഹദോസുകളുടെ ഉദ്ദേശ്യം എന്ത്? **3**
33. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാൻമാരുടെ ദൗത്യങ്ങൾ ഏവ? **3**
34. സഭയുടെ കൂട്ടായ്മയ്ക്കും ഐക്യത്തിനും അടിസ്ഥാനമായി നിലക്കൊള്ളുന്ന ഘടകങ്ങൾ ഏവ? **4**
35. ഉത്ഥാനത്തിലുള്ള പ്രത്യാശയാണ് ഒരുവന് പങ്കുവയ്ക്കുന്നതിനുള്ള പ്രേരണ നല്കുന്നത്. വിശദമാക്കുക. സഭയുടെ അടിസ്ഥാന സ്വഭാവമായ പങ്കുവയ്ക്കൽ നിങ്ങളുടെ ജീവിതത്തിൽ എപ്രകാരം പ്രാവർത്തികമാക്കുവാൻ സാധിക്കും? **4**
36. തിരുസഭയുടെ കല്പനകൾ എത്ര? ഏവ? **5**
37. ആരോഗ്യകരമായ വ്യക്തിബന്ധത്തിന്റെ ലക്ഷണങ്ങൾ എഴുതുക? നിങ്ങൾക്ക് എപ്രകാരം മറ്റുള്ളവരുമായി നല്ല വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുവാൻ സാധിക്കും? **5**
38. മറിയം സഭയുടെ പ്രതിരൂപവും മാതൃകയുമാണ്. വിശദമാക്കുക? ദൈവമാതൃഭക്തിയിൽ വളരുവാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **6**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ് : IX** | **സമയം : 2 മണിക്കൂർ**
**തീയതി : 06-04-2024** | **മാർക്ക് : 70**

---

**I ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. ഈശോയുടെ മാമ്മോദീസായും പരസ്യജീവിതവും പ്രത്യേക മായി അനുസ്മരിക്കുന്ന കാലം.

   (പിറവിക്കാലം, ശ്ലീഹാക്കാലം, ദനഹാക്കാലം)

2. മാമ്മോദീസായിലൂടെ ലഭിച്ച വിശ്വാസത്തിൽ വ്യക്തിയെ സ്ഥിര പ്പെടുത്തുന്ന കൂദാശ.

   (തൈലാഭിഷേകം, രോഗിലേപനം, തിരുപ്പട്ടം)

3. പുരോഹിതന്റെ ഇടയധർമ്മത്തെ സൂചിപ്പിക്കുന്ന നീതിയുടെ വസ്ത്രം.

   (കൊത്തീന, ഊറാറ, പൈന)

4. വി. കുർബാനയുടെ പാപമോചകസ്വഭാവം വ്യക്തമാക്കുന്ന കർമ്മം.

   (ദൈവൈക്യശുശ്രൂഷ, അനുരഞ്ജനശുശ്രൂഷ, വിഭജനശുശ്രൂഷ)

5. പാപമോചനവും രോഗസൗഖ്യവും നൽകി ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശ.

   (മാമ്മോദീസ, വി. കുർബാന, രോഗീലേപനം)

**II ഉത്തരമെഴുതുക** **5**

6. "മർമ്മീസ" (സങ്കീർത്തനമാല) എന്ന പദത്തിന്റെ അർത്ഥമെന്ത്?
7. വി. കുർബാനയുടെ വചനശുശ്രൂഷാഭാഗത്ത് എന്തിന്റെ അനു സ്മരണമാണ് നടത്തപ്പെടുന്നത്?
8. അൾത്താരയുടെ വലതുവശത്ത് പ്രതിഷ്ഠിക്കുന്ന സുവിശേഷ ഗ്രന്ഥം എന്തിനെയാണ് സൂചിപ്പിക്കുന്നത്?
9. അപ്പവും വീഞ്ഞും ബലിപീഠത്തിൽ പ്രതിഷ്ഠിച്ച് ശോശപ്പ കൊണ്ട് മൂടുമ്പോൾ എന്താണ് അനുസ്മരിക്കുന്നത്?

10. ഗ്ഹാന്താ പ്രാർത്ഥനയുടെ സമാപനത്തിൽ കാർമ്മികൻ നിവർന്നുനിന്ന് സ്വരമുയർത്തി ചൊല്ലുന്നസ്തുതി വാക്യം?

## III പൂരിപ്പിക്കുക 5

11. നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമായ ദൈവികവെളിപാടിന്റെ ഉറവിടമായി ............ നിലകൊള്ളുന്നു.
12. മാമ്മോദീസ സ്വീകരിക്കുവാനുള്ള വ്യക്തിയെ ജലത്തിൽ മുക്കുന്നത് മിശിഹായോടൊത്തുള്ള ............. സൂചിപ്പിക്കാനാണ്.
13. ഈശോയിലൂടെ വെളിവാകുന്ന ................ ന്റെ അനുഭവമാണ് കൃപാവരം.
14. രക്ഷയുടെ സദ്വാർത്തയായ ............. എന്നാണ് പൗലോസ് ശ്ലീഹാ വചനത്തെ വിശേഷിപ്പിക്കുന്നത്.
15. വി. കുർബാനയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ അനാഫൊറയിൽ സജീവമായി പങ്കുപറ്റുന്നതിലൂടെ ......................... അനുഭവമാണ് നമുക്ക് ലഭിക്കുന്നത്.

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. വി. കുർബാനയിൽ ഈശോയുടെ മാമ്മോദീസായെ അനുസ്മരിപ്പിക്കുന്ന ഗീതം.
17. ദൈവാരാധനയിൽ കൂടുതലായി ഉപയോഗിക്കപ്പെടുന്ന അടയാളം എത്ര?
18. *'ലെയ്ത്തൂർഗിയ'* എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?
19. ഇസ്രായേൽക്കാരുടെ മതാത്മകജീവിതത്തിന്റെ ഹൃദയത്തുടിപ്പ്.
20. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകര അടയാളങ്ങൾ.

## V ചേരുംപടി ചേർക്കുക 5

21. വി. അഗസ്റ്റിൻ - ക്രിസ്താനുകരണം
22. തോമസ് അക്കമ്പസ് - കുഞ്ഞാട്
23. വി. ആഗ്നസ് - ദൈവത്തിന്റെ നഗരം
24. വി. ജാന്ന ബെറോത്ത - ആഴ്സിലെ വിശുദ്ധൻ
25. വി. ജോൺ വിയാനി - കുടുംബങ്ങളുടെ മധ്യസ്ഥ

**VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **5**

26. പുരോഹിതന് പാപമോചനാധികാരം ഉണ്ടെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 20:23).
27. ഈശോ സ്വർഗ്ഗാരോഹണവേളയിൽ ശിഷ്യർക്ക് നൽകിയ പ്രേഷിത ദൗത്യം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോ 16:15).

**VII ഉത്തരം എഴുതുക**

28. സന്യാസത്തിന്റെ അടിസ്ഥാന നിയമം എന്ത്? **2**
29. മനഃസ്താപത്തിന്റെ കാതൽ എന്ത്? **2**
30. ദൈവവചനത്തിലൂടെ വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങൾ ഏവ? **2**
31. പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ എത്ര അനാഫൊറകൾ ഉണ്ട്? ഏതെല്ലാം? **3**
32. സന്യാസം ദൈവരാജ്യത്തിന്റെ അടയാളമാണെന്ന് പറയുന്നത് എന്തുകൊണ്ട്? **3**
33. വിവാഹം സ്നേഹത്തിന്റെ ഉടമ്പടി ആണെന്ന് പറയുന്നതെന്തുകൊണ്ട്? **4**
34. മംഗളവാർത്തക്കാലത്ത് നാം അനുസ്മരിക്കുന്ന ദിവ്യരഹസ്യങ്ങൾ ഏവ? **4**
35. പത്ത് പ്രമാണങ്ങൾ എഴുതുക. **5**
36. വി. കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമാകുന്നതെങ്ങനെ? ദിവ്യകാരുണ്യവർഷത്തിൽ വി. കുർബാനയിൽ താത്പര്യത്തോടെ പങ്കെടുത്ത് നിങ്ങളുടെ ജീവിതം എങ്ങനെ ധന്യവും രക്ഷാകരവുമാക്കാൻ സാധിക്കും? **5**
37. വി. അഗസ്റ്റിന്റെ ജീവിതം നിങ്ങൾക്ക് തരുന്ന സന്ദേശമെന്ത്? വിജ്ഞാനികളിലെ വിശുദ്ധനായ അഗസ്റ്റിന്റെ ജീവിതം നിങ്ങൾക്ക് നൽകുന്ന പ്രചോദനം വ്യക്തമാക്കുക. **5**
38. പൗരോഹിത്യ ധർമ്മങ്ങൾ ഏതെല്ലാം? സന്യാസ/പൗരോഹിത്യ ജീവിതത്തിലേക്കുള്ള ദൈവവിളി പരിപോഷിപ്പിക്കുവാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ് : X** **സമയം : 2 മണിക്കൂർ**

**തീയതി : 06-04-2024** **മാർക്ക് : 70**

---

**I ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക 5**

1. സുവിശേഷം ശ്രവിക്കുന്നവരെ അത് സ്വീകരിക്കാൻ സന്നദ്ധമാക്കുന്നത്.
(പരി. കന്യകാമറിയം, വിശുദ്ധർ, പരിശുദ്ധാത്മാവ്)
2. സഭയുമായി ഐക്യമില്ലാതെ വിഘടിച്ചു നിൽക്കുന്നത്.
(ശീശ്മ, പാഷണ്ഡത, എക്യുമെനിസം)
3. "വീടുപണിയുമ്പോൾ ഒരു മുറി ഈശോയ്ക്കായി നീക്കിവയ്ക്കണം. അത് വഴിപോക്കർക്കും ഭവനരഹിതർക്കുമായി തുറന്നിടുകയും വേണം." ഇപ്രകാരം പറഞ്ഞതാര്?
(വി. ബേസിൽ, വി. ജെറോം, വി. ക്രിസോസ്റ്റോം)
4. സഭയിലെ പ്രഥമ രക്തസാക്ഷി.
(വി. പത്രോസ്, വി. യോഹന്നാൻ, വി. സ്തേഫാനോസ്)
5. സ്ഥാപക ശ്ലീഹായുടെ പേരിൽ അറിയപ്പെടുന്ന സഭ.
(സീറോമലബാർ സഭ, സീറോമലങ്കര സഭ, ലത്തീൻ സഭ)

**II പൂരിപ്പിക്കുക 5**

6. ഈശോ നല്കിയ മാതൃകയും ..................ഉം ആണ് സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ അടിസ്ഥാനം.
7. ഈശോ നല്കിയ രക്ഷ പാപത്തിൽ നിന്നുള്ള ആത്മാവിന്റെ മോചനം മാത്രമല്ല, മനുഷ്യന്റെ ................. ആണ്.
8. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം ..................... ആണ്.
9. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പൂർണത ................ ലൂടെ മെത്രാൻമാർക്കാണ് ഈശോ നൽകിയിരിക്കുന്നത്.
10. ഒരു വ്യക്തിയുടെ വിശ്വാസജീവിതം അവന്റെ മാതൃസഭയുടെ ........................... ൽ അധിഷ്ഠിതമാണ്.

## III പേരെഴുതുക 5

11. വി. കുർബാനയിൽ കർത്താവിന്റെ മനുഷ്യാവതാരത്തിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്ന ഗീതം ഏത്?
12. വി. കുർബാനയിൽ ഉത്ഥാനഗീതസമയത്ത് മദ്ബഹവിരി തുറക്കുന്നതിന്റെ പ്രതീകാത്മകമായ അർത്ഥമെന്ത്?
13. സീറോമലബാർസഭയുടെ ആരാധനക്രമത്തിലുപയോഗിക്കുന്ന വിശുദ്ധഗ്രന്ഥ വായനാപുസ്തകങ്ങളെ വിളിക്കുന്ന പേരെന്ത്?
14. കാസയും പീലാസയും സംവഹിച്ച് ബലിപീഠത്തിലേക്കുള്ള പ്രദക്ഷിണം എന്തിനെയാണ് അനുസ്മരിപ്പിക്കുന്നത്?
15. "അനാഫൊറ" എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥമെന്ത്?

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. സഭയ്ക്ക് സ്വാതന്ത്ര്യം അനുവദിച്ച് നല്കിയ വിളംബരം?
17. ഏഷ്യയിലെ ഏറ്റവും വലിയ അത്മായ പ്രേഷിത സംഘടന?
18. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയും?
19. മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണ ഫലമായി കേരളത്തിൽ രൂപപ്പെട്ട ക്രൈസ്തവസമൂഹം അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
20. മനുഷ്യവംശത്തിന്റെ പൊതുനന്മയും ഐക്യദാർഢ്യവും വളർത്തുന്ന വിധത്തിലേ ഇന്റർനെറ്റ് ഉപയോഗിക്കാവൂ എന്ന് പഠിപ്പിക്കുന്ന രേഖ?

## V ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 21. തിരുബാലസഖ്യം | - | അൽമായ പ്രതിബദ്ധത വളർത്തുക |
| 22. എ.കെ.സി.സി. | - | പ്രേഷിതപ്രവർത്തനവും വ്യക്തിത്വ വികസനവും |
| 23. എസ്.എം.വൈ.എം. | - | കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ |
| 24. മിഷൻലീഗ് | - | സാധുജന സ്നേഹം |
| 25. വിൻസെന്റ് ഡി പോൾ | - | ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക |

## VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. സ്വർഗാരോഹണവേളയിൽ ഈശോ ശിഷ്യന്മാരെ ഭരമേൽപ്പിച്ച പ്രേഷിതദൗത്യം വ്യക്തമാക്കുന്ന തിരുവചനം വി. മർക്കോസിന്റെ സുവിശേഷത്തിൽ നിന്ന് (മർക്കോസ് 16:15).

27. സുവിശേഷ പ്രഘോഷണം ഓരോ വിശ്വാസിയുടെയും കടമ യാണെന്ന് വ്യക്തമാക്കുന്ന തിരുവചനം കോറിന്തോസുകാർ ക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 9:16).

## VII ഉത്തരം എഴുതുക

28. ആരാണ് സഭാപിതാക്കൻമാർ? **2**

29. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യമെന്ത്? **2**

30. മാതാപിതാക്കൾ മക്കളുടെ പ്രഥമാധ്യാപകരും പ്രധാനാധ്യാപ കരുമായി നിലകൊള്ളുന്നതെങ്ങനെ? **2**

31. സുവിശേഷപ്രഘോഷണവും സാക്ഷ്യവും തമ്മിലുള്ള ബന്ധ മെന്ത്? **3**

32. സ്നേഹമാണ് വിശുദ്ധിയുടെ അളവുകോൽ. വിശദമാക്കുക. **3**

33. കെ.സി.വൈ.എം/എസ്.എം.വൈ.എം സംഘടന യുവജന പരിശീല നത്തിൽ വഹിക്കുന്ന പങ്ക് വിശദമാക്കുക. ഈ സംഘടനയിൽ അംഗ മായി യുവജനങ്ങളുടെ നവീകരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ നിങ്ങൾക്ക് എപ്രകാരം സാധിക്കും? **3**

34. ''സുവിശേഷപ്രഘോഷണം'' എന്ന അപ്പസ്തോലിക പ്രബോധന ത്തിൽ കാണുന്ന പൗരോഹിത്യശുശ്രൂഷയുടെ വിവിധ മാനങ്ങൾ ഏവ? **3**

35. പ്രേഷിതപ്രവർത്തനത്തിന്റെ നാല് മാർഗങ്ങൾ ഏവ? കൂദാശക ളിലൂടെ സഭയിൽ അംഗമായിത്തീർന്ന നിങ്ങൾക്ക് എങ്ങനെ യെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ സാധിക്കും? **4**

36. മലബാറിലെ കുടിയേറ്റ ജനത ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലു വിളികളിൽ നാലെണ്ണം വിശദമാക്കുക. **4**

37. കുടിയേറ്റ ജനതയുടെ പ്രതിസന്ധിഘട്ടങ്ങളിൽ ഉണ്ടായ വെല്ലു വിളികളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കിയ ജീവിത സവിശേഷതകളിൽ അഞ്ചെണ്ണം വിശദമാക്കുക. **5**

38. മനഃസ്താപപ്രകരണം എഴുതുക. **5**

39. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ എത്തുന്ന മേഖല കൾ ഏവ? സഭയുടെ ജീവകാരുണ്യ പ്രവർത്തന മേഖലകളിൽ സഭാമക്കളെന്ന നിലയിൽ നിങ്ങൾ എങ്ങനെയെല്ലാം പങ്കു ചേരും? **5**

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2024

**ക്ലാസ്സ്   :  XI**  **സമയം  :  2 മണിക്കൂർ**

**തീയതി : 06-04-2024**  **മാർക്ക്  :  70**

---

**I  ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക 5**

1. ഒരു സമൂഹത്തിന്റെ സാംസ്ക്കാരികമായ അധഃപതനത്തിന്റെ പ്രതിഫലനം.
(അക്രമം, സ്ത്രീപീഡനം, വിവേചനം)
2. ജീവസന്ധാരണത്തിനുള്ള ഏറ്റവും മാന്യമായ വഴി.
(തൊഴിൽ, ജീവകാരുണ്യം, മോഷണം)
3. "നിങ്ങളുടെ അലമാരയിൽ നിങ്ങൾ സൂക്ഷിച്ചിരിക്കുന്ന അപ്പം നിങ്ങളുടേതല്ല, അത് വിശക്കുന്നവരുടേതാണ്." ആരുടേതാണ് ഈ വാക്കുകൾ.
(വി. ജെറോം, വി. ബേസിൽ, വി. സിപ്രിയാൻ)
4. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം.
(പരസ്നേഹം, കാരുണ്യം, ദൈവസ്നേഹം)
5. ഈശോയുടെ ഏതു വിശേഷഗുണമാണ് സകലരെയും ഈശോയിലേക്ക് അടുപ്പിച്ചത്?
(വിനയം, അനുകമ്പ, ശാന്തത)

**II പൂരിപ്പിക്കുക  5**

6. യേശുവിന്റെ പ്രബോധനങ്ങളുടെ സാരം ................ എന്നറിയപ്പെടുന്നു.
7. നല്ല ക്രിസ്തീയ വ്യക്തിത്വം ഉള്ളവർ സമൂഹത്തിന് ............... ആയി മാറുന്നു.
8. ചരിത്രപുരുഷനായ ഈശോ 'നസ്രത്തുകാരൻ' എന്ന അർത്ഥത്തിൽ .................... എന്ന് അറിയപ്പെടുന്നു.
9. 'രക്ഷ' എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് .............. ആണ്.
10. ഈശോയുടെ വ്യക്തിപ്രഭാവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിൽക്കുന്നത് അവിടുത്തെ ................ ആണ്.

**III ഉത്തരമെഴുതുക** **5**

11. വലിയതെറ്റുകളെ നിസാരമായി കാണുകയും ചെറിയ തെറ്റുകളെ തെറ്റുകൾ അല്ലെന്ന് കരുതുകയും ചെയ്യുന്ന മനഃസാക്ഷി.
12. "വെളിച്ചമേ നയിച്ചാലും" എന്ന പ്രസിദ്ധമായ പ്രാർത്ഥന രചിച്ചതാര്?
13. പരിസ്ഥിതിയുടെ മധ്യസ്ഥൻ ആര്?
14. "കാത്തിരിക്കുക, വരാനിരിക്കുന്ന സാർവ്വത്രിക വിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ എങ്ങനെ വ്യാപരിക്കണമെന്ന് അദ്ദേഹം നമുക്ക് പറഞ്ഞുതരും." ഇപ്രകാരം പറഞ്ഞതാര്?
15. "ദുരുപയോഗം കൊണ്ടോ ഉപയോഗരാഹിത്യം കൊണ്ടോ സ്വത്തിനെ നശിപ്പിക്കാനോ നഷ്ടപ്പെടുത്താനോ പാടുള്ളതല്ല." ആരുടേതാണ് ഈ വാക്കുകൾ?

**IV ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. കാർമ്മികനും ശുശ്രൂഷികളും സങ്കീർത്തിയിൽനിന്നും ബേമ്മയിലേയ്ക്ക് നടത്തുന്ന പ്രാരംഭപ്രദക്ഷിണത്തിന്റെ പ്രതീകാത്മകമായ അർത്ഥമെന്ത്?
17. "ആമ്മേൻ" എന്ന ഹീബ്രുപദത്തിന്റെ അർത്ഥമെന്ത്?
18. വി. കുർബാനയിലെ ത്രൈശുദ്ധകീർത്തനം (പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ) എന്ന മാലാഖമാരുടെ കീർത്തനത്തിന്റെ അടിസ്ഥാനമെന്ത്?
19. കാർമ്മികൻ ബലിവസ്തുക്കൾ കുരിശാകൃതിയിൽ ഉയർത്തിപ്പിടിക്കുന്നത് എന്തിനെയാണ് സൂചിപ്പിക്കുന്നത്?
20. "ഓശാന" എന്ന പദത്തിന്റെ അർത്ഥമെന്ത്?

**V ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **4**

21. അദ്ധ്വാനത്തിന്റെ മഹത്വം വ്യക്തമാക്കികൊണ്ട് അദ്ധ്വാനിക്കുന്നവരെ ആശ്വസിപ്പിക്കുവാൻ അടുത്തുവിളിക്കുന്ന ഈശോയുടെ തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്തായി 11:28).
22. ദൈവത്തിൽ ആശ്രയിക്കുന്നവന് ഒന്നിന്റെയും കുറവുണ്ടാവുകയില്ല എന്ന സങ്കീർത്തകന്റെ പ്രാർത്ഥന സങ്കീർത്തന പുസ്തകത്തിൽ നിന്ന് (സങ്കീ 23:1)

**VI ഉത്തരം എഴുതുക**

23. മനഃസാക്ഷി എന്നാൽ എന്ത്? **2**
24. ഈശോയെക്കുറിച്ചുള്ള ചരിത്രപരമായ അറിവ് എന്തിനെല്ലാം നമ്മെ സഹായിക്കുന്നു? **2**
25. ക്രൈസ്തവർ ലോകത്തിന്റെ പ്രകാശമാണ് എന്ന് പറയുന്നതു വഴി അർത്ഥമാക്കുന്നതെന്ത്? **3**
26. അധ്വാനിച്ചു ജീവിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. വിശദ മാക്കുക? **3**
27. ക്രിസ്തീയ ജീവിത മനോഭാവത്തിന്റെ മൂന്ന് സവിശേഷതകൾ വ്യക്തമാക്കുക? **3**
28. ഉദയംപേരൂർ സൂനഹദോസ് അസാധുവായതിന്റെ കാരണങ്ങൾ വ്യക്തമാക്കുക? **4**
29. ലൈംഗികതയുടെ ഉദാത്തഭാവമാണ് ബ്രഹ്മചര്യജീവിതം. വിശ ദമാക്കുക? **4**
30. "കൂനൻ കുരിശുസത്യം" മാർപാപ്പയ്ക്ക് എതിരായിരുന്നില്ല. സമർ ത്ഥിക്കുക. **5**
31. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എത്ര? ഏവ? **5**
32. സാമൂഹികതിന്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? ക്രൈസ്തവരായ നാം സാമൂഹികതിന്മകളെ ഉപേക്ഷിച്ചാൽ മാത്രംപോരാ, സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കു കയും വേണം. സാമൂഹിക തിന്മകൾക്കെതിരെ ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങൾ എങ്ങനെയെല്ലാം പ്രതികരിക്കും? **5**
33. ലോകചരിത്രത്തിൽ ഏറ്റവും അധികം വ്യക്തികളെയും സംസ്ക്കാരങ്ങളെയും സ്വാധീനിച്ച വ്യക്തിയാണ് ഈശോ. ഇശോയുടെ വ്യക്തിത്വത്തിൽ നിങ്ങളെ ഏറ്റവും അധികം സ്വാധീ നിച്ച സ്വഭാവഗുണം ഏത്? എന്തുകൊണ്ട്? **5**
34. ജീവനെതിരെയുള്ള പ്രധാന വെല്ലുവിളികൾ ഏവയെന്ന് വ്യക്ത മാക്കുക? മനുഷ്യജീവന് വിലകല്പിക്കാത്ത വിധത്തിലുള്ള ആക്രമണങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ ജീവസംസ്കാരം വളർത്താനും മനുഷ്യമഹത്വത്തെ ഉയർത്തിക്കാട്ടാനും നിങ്ങ ൾക്ക് എങ്ങനെ കഴിയും? **5**